**(II) & (III)** **ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും അധികാരങ്ങളും കർത്തവ്യങ്ങളും മേൽനോട്ടത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും വഴികൾ ഉൾപ്പെടെ തീരുമാനമെടുക്കുന്ന പ്രക്രിയയിൽ പാലിക്കേണ്ട നടപടിക്രമങ്ങളും.**

സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളും വകുപ്പിന്റെ അധികാരപരിധിയിൽപ്പെടുന്നു. എല്ലാ ജില്ലകളിലും ഓരോ ജില്ലാആഫീസും കോഴിക്കോട് ആസ്ഥാനമായി ഉത്തരമേഖലാ മിനറൽ സ്ക്വാഡും തിരുവനന്തപുരം ആസ്ഥാനമായി ദക്ഷിണമേഖല മിനറൽ സ്ക്വാഡും തൃശ്ശൂർ ആസ്ഥാനമായി മദ്ധ്യമേഖല മിനറൽ സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സിലിക്കാമണലിന്റെ അനധികൃത ഖനനവും കടത്തും തടയുന്നതിന് ഇപ്പോൾ ചേർത്തല ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്ക്വാഡും നിലവിലുണ്ട്.
മൈനിംഗ് & ജിയോളജി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 14 ജില്ലാ ആഫീസുകളുടെ പ്രവർത്തനം ജിയോളജിസ്റ്റ്/സീനിയർ ജിയോളജിസ്റ്റിന്റെ മേൽ നോട്ടത്തിൽ നടക്കുന്നു. ഓരോ ആഫീസുകളിലും ഒന്ന് അല്ലെങ്കിൽ രണ്ട് അസി. ജിയോളജിസ്റ്റുമാർ , ഒരു മിനറൽ റവന്യൂ ഇൻസ്പെക്ടർ, 2 ക്ലാർക്കുമാർ, ഒരു ടൈപ്പിസ്റ്റ്, പ്യൂൺ, നൈറ്റ് വാച്ചുമാൻ, ഡ്രൈവർ, പാർട്ട് ടൈം സ്വീപ്പർ എന്നിങ്ങനെ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ആഫീസിൽ തപാൽ ലഭിക്കുന്ന മുറയ്ക്ക് ഫയലാക്കി ക്ലാർക്ക് ആഫീസ് മേധാവിയായ സീനിയർ ജിയോളജിസ്റ്റ്/ജിയോളജിസ്റ്റിന് സമർപ്പിക്കുന്നു. അതിൽമേൽ അസി. ജിയോളജിസ്റ്റ്/എം.ആർ.ഐ. എന്നിവരുടെ സേവനം കൂടി ഉപയോഗിച്ച് വേണ്ട നടപടികൾ സ്വീകരിച്ച് ജിയോളജിസ്റ്റ് ഫയൽ തീർപ്പാക്കുകയും ചെയ്യുന്നു. അനധികൃത ഖനനവും ധാതുകടത്തും തടയുന്നതിനായി നിലവിലുള്ള മിനറൽ സ്ക്വാഡുകളിൽ ഒരു സീനിയർ ജിയോളജിസ്റ്റ്, അസി.ജിയോളജിസ്റ്റ്, എം.ആർ.ഐ. ഡ്രൈവർ, ആഫീസ് അറ്റൻഡർ എന്നീ ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

വകുപ്പിന്റെ ആസ്ഥാനകാര്യാലയത്തിൽ ഡയറക്ടറുടെ മേൽനോട്ടത്തിലാണ് ഖനിജ പര്യവേഷണ വിഭാഗവും മിനറൽ ഡെവലപ്പ്മെന്റ് & മൈനിംഗ് ലീസ് വിഭാഗവും പ്രവർത്തിക്കുന്നത്. ഖനിജ പര്യവേഷണ വിഭാഗത്തിൽ ക്ലാർക്ക് സൂപ്രണ്ട് വഴി സമർപ്പിക്കുന്ന ഫയലുകളിൽ ഡെപ്യൂട്ടി ഡയറക്ടർ ബന്ധപ്പെട്ട ജിയോളജിസ്റ്റ്/അസി.ജിയോളജിസ്റ്റ് എന്നിവരുടെ സേവനം ഉപയോഗിച്ച്

റിപ്പോർട്ട് തയ്യാറാക്കി ഫയൽ ഡയറക്ടർക്ക് നൽകി ഫയലിൽ തീരുമാനം എടുക്കുകയും ചെയ്യുന്നു. മിനറൽ ഡവലപ്പ്മെന്റ് & മൈനിംഗ് ലീസ് വിഭാഗത്തിൽ ഇതേ രീതിയിൽ നടപടികൾ എടുക്കുന്നു എങ്കിലും അഡീഷണൽ ഡയറക്ടർക്കാണ് ചുമതലയുള്ള ഡെപ്യൂട്ടി ഡയറക്ടർ ഫയൽ സമർപ്പിക്കുന്നത്. ഡയറക്ടർക്ക് ഫയൽ ലഭിക്കുന്ന മുറയ്ക്ക് ഫയലിൽ തീരുമാനം എടുക്കുകയും ചെയ്യുന്നു.